പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T4967 — 30.06.2014-ൽ മറുപടിക്ക്.

## കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേക കോടതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2012-ലെ നിയമപ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് ജില്ലകളിൽ പ്രത്യേക കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;<br><br>(ബി) ഇതുപ്രകാരം ഏതൊക്കെ ജില്ലകളിൽ കോടതി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (എയും, ബിയും) 03.06.2009-ലെ ജി.ഒ (പി) 22/09/SWD ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലെയും Principal Sessions കോടതികൾ ഈ ആവശ്യത്തിലേക്ക് പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് കേസുകൾ വിചാരണ ചെയ്യുന്നതിനായി എറണാകുളത്ത് ഒരു അഡീഷണൽ സെഷൻസ് കോടതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതേ രീതിയിൽ തിരുവനന്തപുരത്ത് അനുവദിച്ച കോടതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഒരു കോടതി കോഴിക്കോട് സ്ഥാപിക്കുവാൻ തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതിപ്പോൾ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ